**കേരള സർക്കാർ**

13105/പി1/2017/റവ

റവന്യൂ(പി) വകുപ്പ്
തീയതി: 01.03.2017

## <u>സർക്കുലർ</u>

വിഷയം - കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽപ്പെടാത്തതും , ബി.റ്റി.ആറിൽ നിലം എന്ന് രേഖപ്പെടുത്തിയതുമായ ഭൂമിയിൽ കെട്ടിടം/ഭവന നിർമ്മാണത്തിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കുലറുകൾ - സ്പഷ്ടീകരണം നൽകുന്നത് - സംബന്ധിച്ച്

സൂചന — 1) 22/12/2016 ലെ 46848/പി1/2016/റവ നം. സർക്കുലർ.
2) 22/12/2016 ലെ തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 994733/ആർ.എ 1/16/തസ്വഭവ നം.സർക്കുലർ.

ഡാറ്റാ ബാങ്കിൽ/ കരട് ഡാറ്റാ ബാങ്കിൽ നിലമായോ, തണ്ണീർത്തടമായോ ഉൾപ്പെടാത്തതും, എന്നാൽ റവന്യൂ രേഖകളിൽ നിലം എന്നോ, തത്തുല്യമായ പേരുകളിലോ രേഖപ്പെടുത്തിയ ഭൂമി വീടുനിർമ്മാണത്തിനുവേണ്ടി **രൂപാന്തരപ്പെടുത്തുവാനുള്ള** അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് സൂചന (1) പ്രകാരം റവന്യൂ വകുപ്പ് സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി.

ബി.റ്റി.ആറിൽ നിലം, പാടം, നെൽവയൽ, തണ്ണീർത്തടം (Wet Land) , നഞ്ച, പുഞ്ച എന്നിങ്ങനെ രേഖപ്പെടുത്തുകയും, അതേ സമയം 2008 ലെ നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വരുകയും ചെയ്യുന്നതിനു **മുൻപ് നികത്തുകയോ/ നികത്തപ്പെടുകയോ ചെയ്ത** ഭൂമിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിടം/ഭവനനിർമ്മാണ അനുമതി/കൈവശാവകാശം (Occupancy) നിർമ്മാണ പെർമിറ്റ്/എൻ.ഒ.സി എന്നിവ നൽകുന്നതു സംബന്ധിച്ചുള്ള വിശദമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സൂചന (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പും സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി.

അതായത് രണ്ട് സർക്കുലറുകളും മേൽപ്പറഞ്ഞ വ്യത്യസ്ത സാഹചര്യങ്ങളെ ഉദ്ദേശിച്ചിട്ടുള്ളതാണ്.

2008-ന് മുമ്പ് നികത്തിയതോ നികന്നു കിടക്കുന്നതോ ആയതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും ആയ ഭൂമിയിൽ നിലവിൽ ഒരു കെട്ടിടം ഉണ്ടായിരിക്കുകയോ, ഉണ്ടായിരുന്ന കെട്ടിടം പൊളിച്ചു നീക്കുകയോ ചെയ്യുന്നിടത്ത് പുതിയതായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി നൽകുന്നതിനും നിലവിലുള്ള കെട്ടിടം ക്രമവൽക്കരിച്ചു നൽകുന്നതിനോ, പുതുക്കി വയ്ക്കുന്നതിനോ

കൂട്ടിച്ചേർക്കുന്നതിനോ ഉള്ള അനുമതി നൽകുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സൂചന (2) പ്രകാരമുള്ള സർക്കുലർ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

2008-ന് മുമ്പ് നികത്തിയതോ, നികന്നു കിടക്കുന്നതോ ആയതും, ഡാറ്റാ ബാങ്കിൽ നെൽവയൽ ആയോ തണ്ണീർത്തടമോ ആയി ഉൾപ്പെടാത്തതും, നിലവിൽ കെട്ടിടം ഇല്ലാത്തതുമായ ഭൂമിയിൽ വീട് വയ്ക്കുന്നതിന് പഞ്ചായത്തിൽ 10-ഉം, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് 5-ഉം സെന്റ് ഭൂമി വീട് വയ്ക്കേണ്ടുന്ന ആവശ്യത്തിലേക്കായി കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡറിലെ വ്യവസ്ഥകൾ പ്രകാരം തരം മാറ്റി നൽകേണ്ടുന്നത് ബഹു.സുപ്രീംകോടതി വിധിപ്രകാരം ആവശ്യമായ സംഗതിയായതിനാൽ റവന്യൂ വകുപ്പിന്റെ സൂചന (1) സർക്കുലർ പ്രകാരം ജില്ലാ കളക്ടർ/റവന്യൂ ഡിവിഷണൽ ഓഫീസർ നടപടി സ്വീകരിക്കേണ്ടതാണ്. അപ്രകാരം ജില്ലാ കളക്ടറുടെയോ, റവന്യൂ ഡിവിഷണൽ ഓഫീസറുടെയോ ഉത്തരവ് ലഭിക്കുന്ന സംഗതിയിൽ വീട് നിർമ്മാണത്തിനുള്ള അനുമതി തദ്ദേശ സ്വയംഭരണ വകുപ്പിന് ബിൽഡിംഗ് റൂൾസിലെ വ്യവസ്ഥകൾ അനുസരിച്ച് നൽകുകയും ചെയ്യേണ്ടതാണ്.

സൂചന (2) ലെ സർക്കുലർ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി എല്ലാ വില്ലേജ് ഓഫീസർമാരും കമ്മറ്റിയുമായി സഹകരിച്ച് പ്രവർത്തിക്കുവാനും ഇതിനാൽ നിർദ്ദേശിച്ചു കൊള്ളുന്നു.

**പി.എച്ച് കുര്യൻ**
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ,തിരുവനന്തപുരം
ജില്ലാ കളക്ടർമാർ (14 ജില്ലകൾ)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കൃഷിവകുപ്പ്, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ് (അറിവിലേക്കായി)
കൃഷിവകുപ്പ്
വിവരവും, പൊതുജനസമ്പർക്കവും വകുപ്പ് (വേണ്ടത്ര പ്രചരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :

ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു: റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു: കൃഷിവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ